# നീര തകർപ്പൻ
# - അൽഫോൺസ് സ്റ്റോലിങ്ക

**അങ്കമാലി:** നാളികേരവികസന ബോർഡിന്റെ ഉത്പന്നമായ നിരയ്ക്ക് ആഗോള കാർഷിക സംഗമത്തിലും വൻ പ്രശംസ.



നെതർലാൻഡ്സ് നയതന്ത്ര പ്രതിനിധി അൽഫോൺസ് നിര കുടിക്കുന്നത് കൗതുകത്തോടെ നിരീക്ഷിക്കുന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടി

ഉദ്ഘാടനവേദിയിൽ വിദേശികൾ ഉൾപ്പെടെയുള്ള വിശിഷ്ടാതിഥികൾക്ക് കുടിക്കാൻ കൊടുത്തത് നിരയാണ്.

നെതർലൻഡ് നയതന്ത്ര പ്രതിനിധി അൽഫോൺസ് സ്റ്റോലിങ്ക നിരയ്ക്ക് അഭിനന്ദനം അറിയിച്ചു. നാളികേരവികസന ബോർഡിന്റെ പ്രദർശന സ്റ്റാളിലും നിര കൈയടി നേടി. സ്റ്റാളിൽ 15 രൂപയ്ക്ക് നിരയുടെ വില്പനയുണ്ടായിരുന്നു. നിരവധി പേർ നിര വാങ്ങിക്കുടിച്ചു. നിര കിട്ടാനായി ഏറെനേരം കാത്തുനിൽക്കേണ്ടിയും വന്നു. നിരവ്യവസായത്തിന് വൻ സാധ്യതയാണ് സ്റ്റാളിൽ പ്രകടമായത്.